**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം, പിൻ -695035
ഫോൺ: 04712302490 ഫാക്സ്:04712303025/20303080
**ഇ-മെയിൽ** :dhskerala.hlth@kerala.gov.in
**വെബ്സൈറ്റ്:** www.dhs.kerala.gov.in

**<u>രജിസ്റ്റേർഡ് തപാൽ മടക്ക രസീത് സഹിതം</u>**

നം. DHS/21101/2024-EA1 തീയതി:12-12-2025

## <u>കാരണം കാണിക്കൽ നോട്ടീസ്</u>

ഡോ. വിനേഷ് ആർ എന്ന താങ്കൾ അസിസ്റ്റന്റ് സർജൻ / കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ആയി 10.05.2024 ന് വയനാട് മാനന്തവാടി ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുകയും പഠനാവശ്യത്തിനായി അന്നേ ദിവസം തന്നെ വിടുതൽ ചെയ്യുകയും ചെയ്ത താങ്കൾ 11.05.2024 മുതൽ 13.04.2025 വരെ ശൂന്യവേതനാവധിയ്ക്ക് അപേക്ഷ സമർപ്പിച്ചത് വയനാട് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ലഭ്യമായിരുന്നു. പ്രസ്തുത കോഴ്സ് കാലാവധിയ്ക്ക് ശേഷം അവധി ദീർഘിപ്പിക്കുന്നതിനോ തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിനോ താങ്കൾ അപേക്ഷ സമർപ്പിച്ചിട്ടില്ല. ടി സാഹചര്യത്തിൽ താങ്കൾ അനധികൃതമായി സർവീസിൽ നിന്നും വിട്ടുനിൽക്കുകയാണ്. 10.05.2024 ൽ സർവീസിൽ പ്രവേശിച്ച താങ്കൾ പ്രൊബേഷണറാണ്. ആയതിനാൽ പ്രൊബേഷൻ കാലാവധിക്കുള്ളിൽ അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്നതിനാൽ താങ്കളുടെ വർക്ക് ആൻഡ് കോണ്ടക്റ്റ് തൃപ്തികരമല്ല. 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് ലെ റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവീസിൽ നിന്നും നീക്കം ചെയ്യാനും താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

ടി തീരുമാനത്തിന് എതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് ലഭിച്ചു 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. തൽസംബന്ധമായ വാദപ്രതിവാദ പത്രികയോ

വിശദീകരണമോ താങ്കളിൽ നിന്നും ടി കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഈ വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് ഈ നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്.

Signed by
Reena K J
Date: 12-12-2025 15:14:46

**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

Dr. Vinesh R, Chokkath Madom, Trikkandiyur, Malappuram - 676104

**<u>Communication Address</u>**

Dr. Vinesh R, B8 Devi Apartments, Puthiyara, Kozhikode - 673004

(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കൾ ഈ നോട്ടീസ് കൈപ്പറ്റിയതായി രേഖപ്പെടുത്തി തങ്ങളുടെ കൈയൊപ്പോടുകൂടി തീയ്യതി സഹിതം മടക്കി അയക്കേണ്ടതാണ്)

<u>പകർപ്പ്</u> :-

1. ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം), വയനാട്.
2. അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം.
3. സൂപ്രണ്ട്, മാനന്തവാടി ജില്ലാ ആശുപത്രി, വയനാട്.
4. ഇസി, ഇഎ, ഇബി സെക്ഷനുകൾ (അറിവിലേക്കായി)
5. ഫയൽ /സ്റ്റോക്ക് ഫയൽ.